**പതിമൂന്നാം കേരളനിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7761 | 15.07.2014 ന് മറുപടിയ്ക്ക്

**വനസംരക്ഷണവും ആധുനിക വല്ക്കരണവും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എ.അസീസ്<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പമന്ത്രി) |
| (എ) വനസംരക്ഷണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കുന്ന ആധുനിക സംവിധാനങ്ങളെക്കുറിച്ച് വിശദമാക്കുമോ; | (എ) വനസംരക്ഷണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കുന്ന ആധുനിക സംവിധാനങ്ങൾ താഴെ പറയുന്നവയാണ്.<br>1. ജി.പി.എസ് സംവിധാനം ഉപയോഗിച്ചുള്ള വനസംരക്ഷണ പ്രവർത്തനങ്ങൾ.<br>2. ക്യാമറാ ട്രാപ്പ്<br>3. GIS & Remote Sensing ഉപയോഗിച്ചുള്ള വനസംരക്ഷണങ്ങൾ.<br>4. P.D.A , Advanced Forestry Equipments, DGPS, Total Station ഉപയോഗിച്ചുള്ള വനസംരക്ഷണ പ്രവർത്തനങ്ങൾ<br>5. കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും. |
| (ബി) വനസംരക്ഷണപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി ഉപയോഗിക്കുന്ന കമ്പ്യൂട്ടർ സോഫ്റ്റ്‌വെയറുകൾ ഏതെല്ലാം; ഇത്തരം സോഫ്റ്റ്‌വെയറുകളിലൂടെ പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാം വിശദമാക്കുമോ; | (ബി) വനസംരക്ഷണപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിലേക്കായി എഫ്.എം.ഐ.എസ് സോഫ്റ്റ് വെയറിൽ ഉപയോഗിക്കുന്ന മോഡ്യൂളുകൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.<br>ഈ സോഫ്റ്റ് വെയറുകൾ വനം വകുപ്പിന്റെ വിവിധ സംരക്ഷണ ആവശ്യങ്ങൾക്കായാണ് ഉപയോഗിക്കുന്നത്. ഇതിലൂടെ പൊതുജനങ്ങൾക്ക് നേരിട്ട് സേവനങ്ങൾ ഒന്നുംതന്നെ ലഭ്യമാകുന്നില്ല. എന്നാൽ പൊതുജനങ്ങൾക്കായി വനം വകുപ്പ് തന്നെ വികസിപ്പിച്ചെടുത്ത താഴെ പറയുന്ന സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ചു വരുന്നുണ്ട്.<br>1. അഗസ്ത്യാർകൂടം ട്രക്കിംഗ് ബുക്ക് ചെയ്യുന്നതിനായുള്ള സോഫ്റ്റ്‌വെയർ "Service Plus" മുഖേന വികസിപ്പിച്ചെടുത്തിട്ടുണ്ട്.<br>2. വനം വകുപ്പിലെ വിവിധ ഇക്കോ-ടൂറിസം പ്രദേശങ്ങളിലുള്ള ടിക്കറ്റിംഗ് സോഫ്റ്റ്‌വെയറുകൾ. |

3. ക്യാപ്റ്റീവ് എലിഫന്റ് ഡാറ്റാ ബേസ് സിസ്റ്റം - കേരളത്തിലെ നാട്ടാനകളെക്കുറിച്ചുള്ള വിവരങ്ങൾ ലഭിക്കുന്നതിലേക്കായുള്ള സോഫ്റ്റ്‌വെയറുകൾ ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിൽ ലഭ്യമാണ്.
4. തടി അധിഷ്ഠിത വ്യവസായങ്ങൾക്ക് എൻ.ഒ.സി നൽകുന്നതിനുള്ള അപേക്ഷയുടെ സ്റ്റാറ്റസ് അറിയുന്നതിലേക്കായുള്ള സോഫ്റ്റ്‌വെയർ.
5. ഇതു കൂടാതെ വനം വകുപ്പിന്റെ വെബ്സൈറ്റായ www.forest.kerala.gov.in ൽ നിന്നും വനം വകുപ്പ് പ്രസിദ്ധീകരിക്കുന്ന ദർഘാസുകളുടേയും തടി ലേലങ്ങളുടെ വിവരങ്ങൾ, നേച്ചർ ക്യാമ്പുകൾ നടത്തുന്നതിനുള്ള അപേക്ഷകൾ വനം വകുപ്പിൽ നൽകേണ്ടുന്ന വിവിധ ആവശ്യങ്ങൾക്കുള്ള അപേക്ഷകൾ എന്നിവ പൊതുജനങ്ങൾക്ക് ലഭ്യമാണ്.
6. കൂടാതെ ഓൺലൈനായി പൊതുജനങ്ങൾക്ക് വനം വകുപ്പിന്റെ വിവിധ സേവനങ്ങൾ ലഭിക്കുന്നതിനായി എൻ.ഐ.സി-യുമായി ചേർന്ന് "Service Plus" മുഖാന്തിരം സിറ്റിസൺ സെൻട്രിക് സോഫ്റ്റ്‌വെയറുകൾ വികസിപ്പിച്ചു കൊണ്ടിരിക്കുന്നു.

| | |
|---|---|
| (സി) പ്രസ്തുത സോഫ്റ്റ്‌വെയറുകൾ ഡവലപ്പ് ചെയ്യുന്നതിനായി നാളിതുവരെ ചെലവായ തുക എത്രയെന്നും, ഇത് ഏത് അംഗീകൃത ഏജൻസിയാണ് ഡവലപ്പ് ചെയ്തതെന്നും വ്യക്തമാക്കുമോ; | (സി) RITES ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനം വികസിപ്പിച്ച സോഫ്റ്റ്‌വെയറുകൾ ഓൺലൈനാക്കുന്നതിലേക്കായിട്ടുള്ള പ്രവർത്തി കെൽട്രോണിന് നൽകുകയും ആയതിലേക്കായി 2012-13 സാമ്പത്തിക വർഷത്തിൽ 19,10,120/- രൂപ ചെലവായിട്ടുണ്ട്. |
| (ഡി) വനം വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിനായി അംഗീകൃത ഏജൻസികളിൽ നിന്നും വാങ്ങിയ കമ്പ്യൂട്ടറുകളുടെ വിശദാംശവും ആയതിനായി ചെലവഴിച്ച തുകയും വ്യക്തമാക്കുമോ ? | (ഡി) 2013-14 സാമ്പത്തിക വർഷത്തിൽ M/s CDNS Technologies India Pvt. Ltd., II Floor, Thompil Building, Sasthamangalam, Thiruvananthapuram എന്ന സ്ഥാപനത്തിൽ നിന്നും ടെൻഡർ നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ DGS&D റേറ്റ് വ്യവസ്ഥയിൽ 54 കമ്പ്യൂട്ടറുകൾ 22,68,000/- രൂപയ്ക്ക് വാങ്ങിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

(അനുബന്ധം)

# വന സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി ഉപയോഗിക്കുന്ന കമ്പ്യൂട്ടർ സോഫ്റ്റ് വെയറുകൾ

(1) ***ഒഫൻസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം*** - വനം വകുപ്പിന്റെ റെയിഞ്ചുതലം മുതൽ നടക്കുന്ന കുറ്റകൃത്യങ്ങളെ വിവരശേഖരണങ്ങൾ അവയുടെ പുരോഗതി എന്നിവ ഈ സോഫ്റ്റ് വെയർ 2009-10 മുതൽ ഓൺലൈനായി വനംവകുപ്പിൽ ഉപയോഗിച്ചു വരുന്നു.

(2) ***കോർട്ട് കേസസ് മോണിറ്ററിംഗ് സിസ്റ്റം*** - വനം വകുപ്പിൽ നിലവിലുള്ള കോടതി കേസുകളുടെ വിവരങ്ങൾ ഡിവിഷൻ തലത്തിൽ വിവരശേഖരണം നടത്തുകയും ഓരോ കേസിന്റെയും പുരോഗതി അറിയുകയും ചെയ്യുന്നു. 2009-10 മുതൽ ഈ സോഫ്റ്റ് വെയർ ഓൺലൈനിലാണ്.

(3) ***ഫോറസ്റ്റ് ഫയർ മാനേജ്മെന്റ് സിസ്റ്റം*** - ഓരോ റെയിഞ്ച്തലത്തിലും വനമേഖലയിലുണ്ടാവുന്ന കാട്ടുതീയെക്കുറിച്ചുള്ള വിവരങ്ങൾ ജി.പി.എസ്. പോയിന്റുകൾ ഉപയോഗിച്ച് വിവരങ്ങൾ ശേഖരിച്ച് ഫയർ മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുകയും ചെയ്തു വരുന്നു. 2009-10 മുതൽ ഈ സോഫ്റ്റ് വെയർ ഓൺലൈനിലാണ്.

(4) ***നാച്ച്വറൽ ഫോറസ്റ്റ് മാനേജ്മെന്റ് സിസ്റ്റം*** - വനമേഖലയിലുള്ള സസ്യജാലങ്ങളുടെയും മൃഗങ്ങളുടെയും വിവരങ്ങൾ ട്രൈബൽ സെറ്റിൽമെന്റിന്റെ വിവരങ്ങൾ, ജൈവവൈവിധ്യ മേഖലകളെയും, ഇക്കോ ടൂറിസം മേഖലകളെയും കുറിച്ചുള്ള വിവരങ്ങളും മനുഷ്യനും കാട്ടുമൃഗങ്ങളും തമ്മിലുള്ള സംഘർഷമേഖലയിലുള്ള വിവരങ്ങളും ഈ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്നു. ഈ വർഷം മുതൽ ഓൺലൈനാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

(5) ***സിവിൽ ഇൻഫ്രാസ്ട്രക്ച്ചർ മാനേജ്മെന്റ് സിസ്റ്റം*** - വനമേഖലയിലുള്ളതും വനംവകുപ്പിന്റെ കൈവശമുള്ളതുമായ റോഡുകളുടെയും, പാലങ്ങളുടെയും, കെട്ടിടങ്ങളുടെയും മറ്റു ജലസംഭരണികളുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നു. ഈ വർഷം മുതൽ ഓൺലൈനാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(6) ***എസ്.റ്റി.പി. മാനേജ്മെന്റ് സിസ്റ്റം*** - വനം വകുപ്പിലെ ഓരോ ഓഫീസിലുള്ള വാഹനങ്ങളുടെയും നൂതന ഉപകരണങ്ങളുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നു. ഈ വർഷം മുതൽ ഓൺലൈനാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(7) ***സെയിൽസ് മാനേജ്മെന്റ് സിസ്റ്റം*** - മാർക്കിംഗ് മുതൽ മരങ്ങൾ മുറിച്ച് വിൽക്കുന്നതുവരെയുള്ള വിവരങ്ങൾ റെയിഞ്ച് / സെയിൽസ് ഡിപ്പോതലം വരെയുള്ളവ ഈ സോഫ്റ്റ് വെയറിൽ ചേർത്തു വരുന്നു. ഈ വർഷം മുതൽ ഓൺലൈനാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(8) ***പ്ലാന്റേഷൻ മാനേജ്മെന്റ് സിസ്റ്റം*** - വനം വകുപ്പിന്റെ കീഴിലുള്ള ഓരോ തോട്ടങ്ങളുടെയും വിവരങ്ങൾ ഇതിൽ ചേർത്തു വരുന്നു. ഈ വർഷം മുതൽ ഓൺലൈനാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(9) ***പാർട്ടിസിപ്പേറ്ററി ഫോറസ്റ്റ് മാനേജ്മെന്റ് സിസ്റ്റം*** - വനസംരക്ഷണ സമിതികളുടെ വിവരങ്ങൾ അവയുടെ വാർഷിക പദ്ധതികൾ അവയുടെ പുരോഗതി എന്നിവ ഈ സോഫ്റ്റ് വെയറിൽ ചെയ്തു വരുന്നു. ഈ വർഷം മുതൽ ഓൺലൈനാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(10) ***ഇൻഡസ്ട്രിയൽ റോ മെറ്റീരിയൽസ് ആന്റ് എൻ.ഡബ്ല്യൂ.എഫ്.പി. മാനേജ്മെന്റ് സിസ്റ്റം*** - വനം വകുപ്പിന്റെ വിവിധ റെയിഞ്ച് ഓഫീസുകളിൽ നടക്കുന്ന എൻ.ഡബ്ല്യൂ.എഫ്.പി. ശേഖരങ്ങളുടെ വിവരങ്ങളും ഡിവിഷൻ തലത്തിൽ എച്ച്.എൻ.എൽ/കെ.എസ്.ബി.സി. എന്നിവയ്ക്ക് നൽകുന്ന വിഭവങ്ങളുടെ വിവരങ്ങൾ ഇതിൽ ചേർക്കുന്നു. ഈ വർഷം മുതൽ ഓൺലൈനാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(11) ***റിസർച്ച് പ്രൊജക്ട്സ് മാനേജ്മെന്റ് സിസ്റ്റം*** - വനംവകുപ്പിൽ നടക്കുന്ന റിസർച്ചുകളുടെ വിവരങ്ങൾ ഈ സോഫ്റ്റ് വെയറിൽ റെയിഞ്ച് ഓഫീസ് / ഡിവിഷൻ തലത്തിൽ ചേർക്കുന്നു. ഈ വർഷം മുതൽ ഓൺലൈനാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(12) ***സോഷ്യൽ ഫോറസ്ട്രി & നഴ്സറി മാനേജ്മെന്റ് സിസ്റ്റം*** - സാമൂഹ്യ വനവൽക്കരണ പദ്ധതിയിൻമേൽ നടപ്പിലാക്കുന്നവയുടെ വിവരങ്ങൾ, നഴ്സറി സംബന്ധിച്ച വിവരങ്ങൾ/വിവിധ മേഖലകളിൽ നൽകുന്ന പരിശീലനങ്ങൾ ബോധവൽക്കരണങ്ങൾ മുതലായവ ഈ സോഫ്റ്റ് വെയറിൽ ചേർക്കുന്നു. ഈ വർഷം മുതൽ ഓൺലൈനാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(13) ***ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം*** - വനം വകുപ്പിന്റെ വിവിധ ഓഫീസുകളുടെ ആവശ്യങ്ങൾക്കായി പലതരം മാപ്പുകൾ ഈ സോഫ്റ്റ് വെയർ മുഖേന ലഭിക്കുന്നതാണ്. കേരള ഫോറസ്റ്റ് ജിയോ പോർട്ടൽ വഴി ഓൺലൈൻ ആയി ജി.ഐ.എസ്. മാപ്പുകൾ ഫീൽഡ് ഓഫീസർമാർക്ക് കാണാവുന്നതാണ്.

8g
10/7

5.6